**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **11.02.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : T 1899**

**നിക്ഷേപ സംഗമം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ. ഷംസുദ്ദീൻ : | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശനിക്ഷേപകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുവാനായി നിക്ഷേപ സംഗമം നടത്തിയിട്ടുണ്ടോ;എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുവാനായി 'അസെൻഡ് 2019' എന്ന പരിപാടി കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. ഇതിൽ പ്രചോദനം ഉൾക്കൊണ്ട് 2020 ജനുവരി 9, 10 തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തി. ഇന്ത്യയിലെ ഏറ്റവും മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുകയും, വലിയ തോതിൽ നിക്ഷേപം ആകർഷിക്കുക എന്നതുമായിരുന്നു ഇതിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം ഇ, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവേദം തുടങ്ങിയ മേഖലകളിൽ ഉൾപ്പെടുന്ന 100 ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ |

| | | | |
|---|---|---|---|
| | | | അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത മേഖലകളിൽപ്പെടുന്ന പ്രോജക്ടുകളിൽ താല്പര്യമുള്ള നിക്ഷേപകർക്ക് ഏതവസരത്തിലും നിക്ഷേപിക്കാവുന്നതാണ്. കാലിക പ്രസക്തിയുള്ള ഒട്ടനവധി നിർദ്ദേശങ്ങളും ഈ സംഗമത്തിലൂടെ ലഭിക്കുകയുണ്ടായി. അസെൻഡ് 2020 ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രോജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവ സംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി. |
| **(ബി)** | ഇതനുസരിച്ച് എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടിയാണ് വാഗ്ദാനം ലഭിച്ചിട്ടുള്ളത്;വാഗ്ദാനം ലഭിച്ച പദ്ധതികൾ എല്ലാം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | **(ബി) & (സി)** | കൊച്ചിയിൽ നടന്ന നിക്ഷേപക സംഗമത്തിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 32 എണ്ണം ധാരണാ പത്രങ്ങളും 117 എണ്ണം താൽപര്യപത്രങ്ങളുമാണ്. ഇതു കൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെൻറ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെൻറ് അതോറിറ്റി നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചു കഴിഞ്ഞു. |
| **(സി)** | എവിടെയെല്ലാം ഏതെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് എന്നും ഇതിനുവേണ്ടി എത്ര കോടി രൂപ നിക്ഷേപം നടത്തിയിട്ടുണ്ട് എന്നതിന്റെയും വിശദവിവരം നൽകുമോ? | | |

**സെക്ഷൻ ഓഫീസർ**